മുഖ്യമന്ത്രി വിളിച്ചുചേർത്ത ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ യോഗം

33 [2376] *ശ്രീ. പി. ജെ. ജോയി:*
ശ്രീമതി മേഴ്സി രവി:
ശ്രീ. വർക്കല കഹാർ:
„ *എൻ. ഡി. അപ്പച്ചൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഫെബ്രുവരിയിൽ മുഖ്യമന്ത്രി ഡൽഹിയിലുള്ള കേരള ഹൗസിൽവച്ച് കേന്ദ്ര സർവ്വീസിലുള്ള കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെയും, മറ്റു സംസ്ഥാന കേഡറിലുള്ള മലയാളി ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചുകൂട്ടിയിരുന്നുവോ;

(ബി) എന്താവശ്യത്തിലേക്കായിരുന്നു ഈ യോഗം വിളിച്ചു ചേർത്തത്;

(സി) പ്രസ്തുത യോഗത്തിൽ കേന്ദ്ര സർവ്വീസിലുള്ള കേരള കേഡർ ഐ.എ.എസ്.-കാർ കേന്ദ്രത്തിൽനിന്നും കേരളത്തിന് പദ്ധതികൾ കിട്ടാത്തതിനുള്ള കാരണം എന്തെന്ന് വിശദീകരിച്ചുവോ;

(ഡി) എങ്കിൽ അതെന്തെന്ന് പറയുമോ?

ഉത്തരം

(എ) & (ബി) കേരളത്തിന് പരമാവധി കേന്ദ്ര സഹായവും പദ്ധതി വിഹിതവും ലഭ്യമാക്കുന്നതിനും അതിനുവേണ്ട പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആരായുന്നതിനുമായി കേന്ദ്ര സർവ്വീസിലുള്ള കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും, മറ്റു സംസ്ഥാന കേഡറിലുള്ള മലയാളി ഉദ്യോഗസ്ഥരുടെയും ഒരു യോഗം 16-2-2005-ൽ കേരള ഹൗസിൽ മുഖ്യമന്ത്രി വിളിച്ചു ചേർത്തിട്ടുണ്ട്.

(സി) & (ഡി) വർഷാവർഷം മാറ്റങ്ങൾ വരുന്നവയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും. സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പ്രസ്തുത മാറ്റങ്ങൾക്കും, മാനദണ്ഡങ്ങൾക്കും അനുസൃതമായിരിക്കണമെന്നും, കേന്ദ്ര ബജറ്റ് പ്രസംഗം, രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗം, ബജറ്റ് രേഖകൾ എന്നിവ വിശദമായി പഠിച്ചതിനുശേഷം സംസ്ഥാനതാല്പര്യം സംരക്ഷിക്കുംവിധം അതിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി പദ്ധതികൾ തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ളനിർദ്ദേശം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായി. കേരളത്തിന് കൂടുതൽ കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിന് എല്ലാവിധ സഹകരണവും അവർ വാഗ്ദാനം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly